മെഡിക്കൽ നെഗ്ലിജൻസ്, കമ്മീഷൻ റിപ്പോർട്ടുകൾ ആവശ്യമായവ മുതലായ കേസുകൾ തീർപ്പാക്കുവാൻ കൂടുതൽ സമയം വേണ്ടിവരുന്നു. കൂടാതെ മുമ്പ് പല ജില്ലകളിലും പ്രസിഡന്റുമാരുടേയും മെമ്പർമാരുടേയും ഒഴിവുകൾ ഉണ്ടായിരുന്നത്മൂലവും കേസുകൾ തീർപ്പാക്കുവാൻ കാലതാമസം ഉണ്ടായിട്ടുണ്ട്. എന്നാൽ ഇപ്പോൾ എല്ലാ ജില്ലാ ഫോറങ്ങളും പൂർണ്ണമായും പ്രവർത്തന ക്ഷമമാണ്.

(ഇ) കേസുകൾ തീർപ്പാക്കുന്നതിന് കാലതാമസം ഒഴിവാക്കുവാൻ സംസ്ഥാന കമ്മീഷനിൽനിന്നും ഫോറങ്ങൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. അദാലത്തുകളും നടത്തിവരുന്നുണ്ട്.

ശബരിമല റോഡ് പ്രോജക്റ്റ്

14 (*614) ശ്രീ. കെ. സി. രാജഗോപാലൻ :
ശ്രീ. രാജു എബ്രഹാം :
ശ്രീ. കെ. കെ. ജയചന്ദ്രൻ :
ശ്രീ. വി. എൻ. വാസവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ശബരിമല റോഡ് പ്രോജക്ടുകളിൽ ഉൾപ്പെടുത്തി ശബരിമല യിലേക്കുള്ള വിവിധ റോഡുകളുടെ വികസനത്തിനായി എന്തെല്ലാം നടപടി കളാണ് സ്വീകരിച്ചിട്ടുള്ളത് ;

(ബി) ഏതെല്ലാം പണികൾക്കാണ് കഴിഞ്ഞ വർഷം ഭരണാനുമതി നൽകിയിട്ടുള്ളത് ;

(സി) അവയുടെ നിർമ്മാണ പുരോഗതി വ്യക്തമാക്കുമോ ;

(ഡി) ശബരിമല റോഡുകളുടെ അറ്റകുറ്റപ്പണികൾ പൂർണ്ണമായും റോളിംഗ് ഹെവി മെയിന്റനൻസ് പദ്ധതിയിൽ ഉൾപ്പെടുത്തിയാണോ ചെയ്യുന്നത് ;

(ഇ) റോഡ് നിർമ്മാണവും 5 വർഷത്തെ അറ്റകുറ്റപ്പണികളും ഉൾപ്പെടെയുള്ള വ്യവസ്ഥകൾ ഉൾപ്പെടുത്തി കരാർ നൽകുമോ ?

ധനകാര്യ വകുപ്പുമന്ത്രി (ഡോ. തോമസ് ഐസക്) :

(എ) ഹെവി മെയിന്റനൻസ് പദ്ധതിയിൽ ഉൾപ്പെടുത്തി 5 പ്രവൃത്തി കൾക്കായി 45.12 കോടി രൂപയ്ക്കുള്ള ഭരണാനുമതി നൽകിയിട്ടുണ്ട്. മാന്ദ്യ വിരുദ്ധ പാക്കേജിൽ ഉൾപ്പെടുത്തി രണ്ടു പ്രവൃത്തികൾക്ക് 8.10 കോടി രൂപ യുടെ ഭരണാനുമതിയും നൽകിയിട്ടുണ്ട്. കൂടാതെ വാർഷിക അറ്റകുറ്റപ്പണി കൾക്കായി കഴിഞ്ഞ വർഷം 24-9-2009-ലെ 1112/09/പൊ.മ.വ. ഉത്തരവ് പ്രകാരം 22.765 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ഈ വർഷത്തെ അറ്റകുറ്റപ്പണികൾക്കായി ചീഫ് എഞ്ചിനീയർ നൽകിയ എസ്റ്റിമേറ്റുകൾ പരിശോധിച്ചു വരുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

(ബി)

1. പ്ലാപ്പള്ളി - ചാലക്കയം റോഡ് (മണ്ണാർകുളഞ്ഞി - പമ്പ റോഡ് (32/00 കി.മി. മുതൽ 53/480 കി.മി)
2. കണമല പാലം
3. കണമല-ഇളവുങ്കൽ റോഡ് (0/0 കി.മീ. മുതൽ 9/910 കി.മീ)
4. കാഞ്ഞിരപ്പള്ളി - എരുമേലി റോഡ്
5. മണ്ണാർകുളഞ്ഞി - പമ്പ റോഡ് (0/0 കി.മീ. മുതൽ 32/00 കീ.മീ)
6. വടശ്ശേരിക്കര ഫുട്ട് ബ്രിഡ്ജ്
7. എരുമേലി-കണമല (കരിങ്കലിമൂഴി-മുക്കൂട്ടുതറ-പമ്പാവാലി) റോഡ്

(സി) പ്രസ്തുത നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനുവേണ്ടി യുള്ള നടപടികൾ സ്വീകരിച്ചു വരികയാണ്.

(ഡി) അല്ല.

(ഇ) ഹെവി മെയിന്റനൻസ് പദ്ധതിയിൽ ഉൾപ്പെടുത്തി ഭരണാനുമതി നൽകിയ പ്രവൃത്തികൾക്ക് 5 വർഷത്തെ അറ്റകുറ്റപ്പണികൂടി നടത്തുമെന്ന വ്യവസ്ഥകൂടി ഉൾപ്പെടുത്തിയാണ് കരാർ നൽകുന്നത്.

പിന്നോക്ക വിഭാഗങ്ങളുടെ നിയമനത്തിൽ ഉണ്ടായ ബാക്ക് ലോഗ് നികത്തുന്നതിന് നടപടി

15 (*615) ശ്രീ. യു. സി. രാമൻ :
ശ്രീ. സി. ടി. അഹമ്മദ് അലി :
ശ്രീ. പി. കെ. അബ്ദുറബ്ബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നരേന്ദ്രൻ കമ്മീഷൻ പിന്നോക്ക വിഭാഗങ്ങളുടെ നിയമനത്തിൽ ബാക്ക്ലോഗ് ഉണ്ടെന്ന കണ്ടെത്തൽ നടത്തിയിട്ടുണ്ടോ ; എങ്കിൽ ഓരോ സമുദായത്തിനും എത്ര വീതമാണെന്ന് വെളിപ്പെടുത്തുമോ ;

(ബി) സച്ചാർ കമ്മീഷൻ റിപ്പോർട്ട് നടപ്പാക്കുന്നതുമായി ബന്ധപ്പെട്ട് നിയോഗിച്ച പാലൊളിക്കമ്മിറ്റി ഇതു സംബന്ധമായി ശുപാർശകളെന്തെങ്കിലും നൽകിയിട്ടുണ്ടോ ; എങ്കിൽ വിശദമാക്കുമോ ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ബാക്ക്ലോഗ് നികത്തുന്ന കാര്യത്തിൽ സ്വീകരിച്ച നടപടികൾ വിശദീകരിക്കുമോ ; അതുമുഖേന ബാക്ക്ലോഗ് എത്രത്തോളം പരിഹരിക്കുവാൻ കഴിഞ്ഞു എന്ന് വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly